33-ാം ദിവസം

# ആത്മീയചിന്ത ശകലങ്ങൾ

ആരാധനയിങ്കൽ ബന്ധനങ്ങൾ അഴിഞ്ഞിട്ട് ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങൾ ലഭിക്കുന്നു. ചോദിക്കാതെ കാലത്തികവിൽ അനുഗ്രഹിക്കുന്ന കർത്താവിന്റെ സന്നിധിയിൽ വിട്ടുവീഴ്ചയില്ലാത്ത ആരാധനകൾ നാം സമർപ്പിച്ചാൽ നമ്മുടെ ബന്ധനങ്ങളെ അഴിച്ച്, ആത്മീയലോകത്തെ പ്രമോദം അനുഭവിക്കുവാൻ സാധിക്കുന്നു. ദൈവദർശനത്തിന്റെയും ഉൾക്കാഴ്ചയുടെയും ഈ വ്യക്തമായ ചിത്രം നമ്മുടെ ക്രിസ്തീയജീവിതത്തിന് ഒരു നല്ല മാതൃകയാണ്. കുടുംബത്തിലെ സ്ത്രീകൾ ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും മുൻഗണന നൽകണമെന്നും അതുവഴി ആ കുടുംബവും രക്ഷയുടെ പാതയിലെത്തുന്ന കാര്യവും ഇവിടെ വ്യക്തമാകുന്നു. ആദിസൃഷ്ടിയിൽ ദൈവസാദൃശമായത് നഷ്ടപ്പെടുത്തി ഭൗമീകമായ വീക്ഷണത്തിൽ ആയിപ്പോയി. സ്വർഗ്ഗീയമായ ചിന്തകൾക്ക് വിമുഖത കൂനിന് കാരണമായി. മനുഷ്യസൃഷ്ടി നട്ടെല്ലു നിവർന്ന സ്ഥിതിയാണ്. പാദം മാത്രം ഭൂമിയിലും ബാക്കി എല്ലാം ആകാശത്തും – ഭൗമികനാണെങ്കിലും ആത്മീകനായി തീരുന്ന അവസ്ഥ. നമ്മുടെ ജീവിതത്തിൽ നാം ഭൗമീകനാണോ ആത്മീകനാണോ! നിർബന്ധമായി ആരാധനയിൽ പങ്കെടുത്ത്, കുടുംബത്തോടെ ദൈവത്തിന്റെ സന്നിധിയിൽ സ്തുതിയും സ്തോത്രവും അർപ്പിക്കാം. ദൈവംതമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

പ്രാർത്ഥനയോടെ,
ബിജോയ് ശാമുവേൽ അബുദാബി

St. Mathew 12:24-36; Genesis 50:14-22; Ecclesiastes 5:1-9; Isaiah 12:1-9; Acts 19:8-12; Colossians 3:1-17; St. Mark 6:47-56

വലിയ നോമ്പ് 2017